വെള്ളപ്പൊക്കദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി സ്കൂൾകെട്ടിടങ്ങൾ നിർമ്മിക്കാൻ ലഭിച്ചതുക

458 [497] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86–ൽ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി എത്ര തുക ലഭിച്ചു;

(ബി) ആ തുക മുഴുവൻ ചിലവായോ;

(സി) ബാക്കിയുണ്ടെങ്കിൽ അതെത്രയെന്നും, സെമി പെർമെനൻറ് ബിൽഡിംഗ്സ് പണിയാൻ വിനിയോഗിക്കുമോയെന്നും വ്യക്തമാക്കുമോ;

(ഡി) ചിലവഴിച്ചതിൻറെ ജില്ലതിരിച്ചുള്ള കണക്കു വ്യക്തമാക്കുമോ?

ഉത്തരം

(എ) 262 ലക്ഷം രൂപ.

(ബി) ചെലവായി

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

കെട്ടിമേയാത്ത സ്കൂളുകൾ

459 [498] ശ്രീ: എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ജില്ലയിൽ ഈ വർഷം ഇതുവരെ കെട്ടിമേയാത്ത സ്കൂളുകൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 25–4–1986–ലെ ജി.ഒ. ആർ.ടി 1491/86/G.Edn. ഉത്തരവ് പ്രകാരം കെട്ടിമേച്ചിൽ ജോലികൾ എസ്റ്റിമേറ്റ് നിരക്കിൽ 70% വരെ ഉയർന്നനിരക്കിൽ അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയെ ഏൽപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. അദ്ധ്യാപക-രക്ഷാകർത്തൃ സമിതി പണി ഏറ്റെടുക്കാത്ത സ്ഥലങ്ങളിൽ കരാറുകാർ മുഖേന ജോലിചെയ്യിക്കുവാൻ പൊതുമരാമത്ത് വകുപ്പ് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. രക്ഷാകർത്തൃ സമിതിയോ കരാറുകാരോ കെട്ടിമേച്ചിൽപ്പണി ഏറ്റെടുക്കാൻ താമസിച്ച ചുരുക്കം ചില സ്കൂളുകളിലാണ് പണി പൂർത്തിയാക്കാൻ വൈകിയത്.

LIBRARY ARCHIVES Kerala Legislative Assembly